കൺസെന്റ് എടുപ്പിക്കുകയും മാലിന്യ സംസ്ക്കരണത്തിനായി ജട്ടിക്കുസമീപം സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതോടെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണ പ്രശ്നത്തിന് പരിഹാരം ആകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരികയാണ്.

(2) സ്വയംഭരണസ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന ആവശ്യം

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോർപ്പറേഷനുകളിലേയും കമ്പനികളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ളതാണ്. സബ്മിഷനിലൂടെ ഉന്നയിക്കുന്ന എന്റെ ആവശ്യം. ഇവിടെ നടക്കുന്ന നിയമനങ്ങൾ ഒന്നും സുതാര്യമായി വരുന്നില്ല. അതുമാത്രമല്ല. പബ്ലിക് സർവ്വീസ് കമ്മീഷനിൽ കൂടി നിയമനം നടക്കുമ്പോൾ റിസർവേഷൻ സൗകര്യം ലഭിക്കുന്നുണ്ട്. കമ്പനികളിലേയും കോർപ്പറേഷനുകളിലേയും ചീഫ് എക്സിക്യൂട്ടീവുകൾ നടത്തിവരുന്ന നിയമനങ്ങൾ, അവർ നടത്തുന്ന ടെസ്റ്റുകൾ ഇതൊന്നും ശരിയായ രീതിയിൽ നടക്കുന്നില്ല. അവിടെ റിസർവേഷൻ ആനുകൂല്യങ്ങളും ഇല്ല. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് റിസർവേഷൻ ആനുകൂല്യങ്ങൾ ലഭിക്കുവാനും നിയമനങ്ങൾ സുതാര്യമായി നടത്തുവാനുമുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പി. എസ്. സി.-യുടെ പരിധിയിലേക്ക് വിട്ടുകൊടുത്തിരിക്കുന്നത് ഇപ്പോൾ 104 പൊതുമേഖലാസ്ഥാപനങ്ങളിലേയും 8 ലോക്കൽ അതോറിറ്റികളിലേയും നിയമനങ്ങളാണ്. അതിൽ 70 പൊതുമേഖലാ സ്ഥാപനങ്ങളിലും 3 ലോക്കൽ അതോറിറ്റികളിലും മാത്രമേ പി.എസ്.സി. വഴി നിയമനം നടക്കുകയുള്ളൂ. ബാക്കി 34 പൊതുമേഖലാ സ്ഥാപനങ്ങളിലും 5 ലോക്കൽ അതോറിറ്റികളിലും തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നിയമനചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കും.

(3) നെടുമങ്ങാട് താലൂക്കിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, തിരുവനന്തപുരം ജില്ലയിൽ പൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട നെടുമങ്ങാട് താലൂക്കിലെ ജനങ്ങൾ അതിരൂക്ഷമായ യാത്രാക്ലേശമാണ് അനുഭവിക്കുന്നത്. നെടുമങ്ങാട് താലൂക്കിൽ അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ രണ്ട് ഡിപ്പോകൾ എന്റെ നിയോജക മണ്ഡലത്തിലാണ്. അതിൽ മദർ ഡിപ്പോ എന്ന് പറയുന്ന നെടുമങ്ങാട് ഡിപ്പോ ഇന്ന് ഏറ്റവും വലിയ അവഗണന നേരിടുന്ന ഒരു ഡിപ്പോയാണ്. അവിടെയുള്ള ഷെഡ്യൂളുകളിൽ ഏതാണ്ട് 30 ശതമാനത്തോളം ക്യാൻസലാക്കുകയാണ്. അവിടെ 79 ബസുകൾ ഉണ്ട്. അതിൽ 16 എണ്ണം ഏറ്റവും പഴക്കംചെന്ന ബസുകളാണ്. ഓടിക്കാൻ കഴിയില്ല. മിക്കവാറും കട്ടപ്പുറത്താണ്. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്നു. ഏറ്റുമാനൂർ, ഗുരുവായൂർ, കന്യാകുമാരി, തൃത്തുക്കുടി, പാല തുടങ്ങിയ ദീർഘദൂര സർവ്വീസുകൾ എല്ലാം നെടുമങ്ങാട് ഡിപ്പോയിൽനിന്നും ഓരോന്നായി ഇല്ലാതായി കൊണ്ടിരിക്കുകയാണ്. നെടുമങ്ങാട് ഡിപ്പോ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടത്തിൽ ഏറ്റവും പഴക്കം ചെന്ന കെട്ടിടം ഏതാണ്ട് ഇടിഞ്ഞുപൊളിഞ്ഞ് വീഴാറായിരിക്കുന്ന അവസ്ഥയാണ്. അതുപോലെ വെള്ളനാട് ഡിപ്പോയിൽ 55 ബസുകൾ ഉണ്ട്. അവിടെ 9 എണ്ണം കട്ടപ്പുറത്താണ്. നെടുമങ്ങാട് താലൂക്കിൽ പ്രൈവറ്റ് ബസ് ഇല്ല. ട്രെയിൻ സർവ്വീസുകളും ഒന്നും ഇല്ല. ജനങ്ങളുടെ ഏക ആശ്രയം ഈ കെ. എസ്. ആർ. ടി. സി. സർവ്വീസുകളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി നെടുമങ്ങാട് താലൂക്കിലെ എം. എൽ. എ.-മാർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം വിളിച്ചുചേർത്ത് നെടുമങ്ങാട്, വെള്ളനാട് ഉൾപ്പെടെയുള്ള ഡിപ്പോകളിലേക്ക് കൂടുതൽ ബസുകളും മിനിബസുകളും അനുവദിച്ച് നെടുമങ്ങാട് താലൂക്കിലെ യാത്രാക്ലേശത്തിന് അടിയന്തിരപരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ എല്ലാ എം. എൽ. എ.-മാരേയും യൂണിറ്റിലുള്ള ഉദ്യോഗസ്ഥന്മാരേയും വിളിച്ചുവരുത്തി ക്യാൻസലേഷൻ ഒഴിവാക്കുന്നതിനുവേണ്ടി ചെയ്യാവുന്ന കാര്യങ്ങൾ പരമാവധി ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പറഞ്ഞ രീതിയിലുള്ള ക്യാൻസലേഷൻ ആ ഡിപ്പോകളിൽ ഇല്ല. അതിനുപുറമേ നെടുമങ്ങാട് താലൂക്കിൽത്തന്നെ പുതിയതായി 7 സർവ്വീസുകൾ ആരംഭിച്ചു. വിതുരയിൽ മൂന്ന് സർവ്വീസുകൾ ആരംഭിച്ചു. നെടുമങ്ങാട് നിന്ന് രണ്ട് സർവ്വീസും ആരംഭിച്ചു. ഇതിനുപറമേ തിരുവനന്തപുരത്ത് പുതിയതായി ഇറക്കിയ ലോ ഫ്ളോർ ബസ്സിന്റെ നാല് ട്രിപ്പുകൾ നെടുമങ്ങാടിന് കൊടുത്തിട്ടുണ്ട്. ഈ അടുത്തകാലത്ത് തുടങ്ങിയതാണ്. എന്നിരുന്നാൽപ്പോലും നെടുമങ്ങാട് താലൂക്ക് പൂർണ്ണമായും ദേശസാൽക്കരിച്ച ഒരു താലൂക്ക് എന്ന നിലയിൽ ആ താലൂക്കിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഉടൻതന്നെ ബഹുമാനപ്പെട്ട എം. എൽ. എ.-മാരെ വിളിച്ചുവരുത്തി അവരുമായി ചർച്ച ചെയ്ത് അതിന് ആവശ്യമായ മുഴുവൻ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly